(സി) കമ്മ്യൂണിറ്റിപ്രോജക്ട്സ് ഡ്രൈവറന്മാരുടെ ജോലി സമയം ക്രമപ്പെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര മണിക്കൂർ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശമ്പളം രൂപ 30—80. അലവൻസിന്റെ തോതു് പ്രതിമാസം 45 രൂപവരെ ശമ്പളം വാങ്ങുന്നവർക്കു് 27 രൂപയും, 45 രൂപയ്ക്കു മേൽ ശമ്പളം വാങ്ങുന്നവർക്കു് 33 രൂപയുംവീതം ആകുന്നു.

(ബി) മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ഡ്രൈവറന്മാരുടെ ശമ്പളവും, അലവൻസും മേൽ കാണിച്ചിരിക്കുന്ന നിരക്കുകൾ അനുസരിച്ചു തന്നെയാണു്.

(സി) ക്രമപ്പെടുത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : ജോലിസമയം ക്രമപ്പെടുത്താത്തതുകൊണ്ടു് ഇവർക്കു് വളരെ അധികം ജോലിചെയ്യേണ്ടിയിരിക്കുന്നു എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു ആക്ഷേപം ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : ജോലിസമയം ക്രമപ്പെടുത്തി കൂടുതൽ സമയം ജോലിചെയ്യുന്നവർക്കു് കൂടുതൽ അലവൻസു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരാക്ഷേപം ഇതുവരെ ഉണ്ടായിട്ടില്ല. കമ്മ്യൂണിറ്റി പ്രോജക്ട്സ് എന്തെങ്കിലും പിശക കണ്ടുപിടിക്കാൻ നോക്കിക്കൊണ്ടിരിക്കുന്നതിനാൽ ഇങ്ങനെ ഒരാക്ഷേപം പുറപ്പെടുവിക്കുകയാണു്.

107—ൻ വിചാരണയിലിരിക്കുന്ന കേസുകൾ.

*256. [8] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സ്റ്റോറിലെ എക്സിക്യൂട്ടീവും ജൂഡിഷ്യറിയും വിഭജനം നടത്തിയതിനു ശേഷവും 107—ൻ വിചാരണയിലിരിക്കുന്ന കേസുകൾ എക്സിക്യൂട്ടീവു് മജിസ്ട്രേട്ടന്മാർക്കു് വിട്ടുകൊടുത്തിരിക്കുന്നതിനു് പ്രത്യേക കാരണങ്ങൾ എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഈ സ്റ്റോറിലെ ജൂഡിഷ്യറിയും എക്സിക്യൂട്ടീവും വിഭജനം മദിരാശി സ്റ്റോറിലെ മാതൃകയിലാണു് നടത്തിയിട്ടുള്ളതു്. ആ സ്റ്റോറിൽ 107-ാം വകുപ്പിലെ കേസുകൾ എക്സിക്യൂട്ടീവു മജിസ്ട്രേട്ടിനാണു് വിട്ടുകൊടുത്തിട്ടുള്ളതു്.

ശ്രീ. ആർ. സുഗതൻ : എക്സിക്യൂട്ടീവു് മജിസ്ട്രേട്ടന്മാർക്കു് ഈ കേസുകൾ വിചാരണചെയ്യുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതു് ഇതിന്റെ തത്വത്തിനു ഹാനികരമാണെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ തത്വത്തിലാണ് വിഭജനം നടത്തിയിട്ടുള്ളത്.

ശ്രീ. കെ. എ. ബാലൻ : കൊച്ചിയിൽ എക്സിക്യൂട്ടീവും ജൂഡിഷ്യറിയും വിഭജനം നടത്തിയപ്പോൾ ഈ കേസുകൾ വിസ്തരിക്കാനുള്ള അധികാരം ജൂഡിഷ്യൽ മജിസ്ട്രേട്ടന്മാർക്കാണ് കൊടുത്തിരുന്നതെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ ജൂഡിഷ്യൽ മജിസ്ട്രേട്ടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എക്സിക്യൂട്ടീവ് മജിസ്ട്രേട്ടന്മാർക്ക് ഈ അധികാരം വിട്ടുകൊടുക്കുന്നതിനുള്ള കാരണങ്ങൾ വല്ലതുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതുവരെ എല്ലാ കേസുകളും വിചാരണ ചെയ്യുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് മജിസ്ട്രേട്ടന്മാർക്കായിരുന്നു. പുതുതായി എക്സിക്യൂട്ടീവ് അധികാരങ്ങൾ ഇല്ലാത്ത ജൂഡിഷ്യൽ മജിസ്ട്രേട്ടന്മാരുടെ ഒരു കേഡർ ഉണ്ടാക്കി. ഇങ്ങനെ ഉണ്ടാക്കിയപ്പോൾ കുറെ കേസുകൾ ഈ മജിസ്ട്രേട്ടന്മാർക്ക് വിട്ടുകൊടുത്തു. അതിൽ ബാക്കി കിടന്നതാണ് 107-ാംവകുപ്പുപ്രകാരം ഉള്ള കേസുകൾ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഏതെങ്കിലും തത്വം അനുസരിച്ചാണോ ഈ 107-ാം വകുപ്പ് അനുസരിച്ചുള്ള കേസുകൾ വിട്ടുകൊടുക്കാതിരുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തത്വം അനുസരിച്ചുതന്നെയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതെന്തു തത്വമാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 107-ാം വകുപ്പനുസരിച്ചുള്ള വിചാരണകളും മറ്റു ക്രൈം വിചാരണകളും തമ്മിൽ വ്യക്തമായ ക്ലാസിഫിക്കേഷൻ ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 107-ാം വകുപ്പനുസരിച്ച് സെക്യൂരിറ്റി പ്രൊസീഡിംഗ്സ് എടുക്കുകയാണ്. മറ്റുള്ളതു കുറ്റം ചെയ്തു തെളിവെടുത്തു ശിക്ഷിക്കുകയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ജൂഡിഷ്യൽ മജിസ്ട്രേട്ടന്മാർ ഇത്തരം കേസുകൾ വിസ്തരിക്കാൻ അയോഗ്യരാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയല്ല അതിന്റെ തത്വം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : 107-ാംവകുപ്പനുസരിച്ചുള്ള കേസുകൾ വിസ്തരിക്കുന്നതിന് ജൂഡിഷ്യൽ മജിസ്ട്രേട്ടന്മാർക്ക് അധികാരം കൊടുക്കാത്തതുകൊണ്ട് ആളുകൾക്കു വളരെ വിഷമമുണ്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചിലർ പറയുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അക്കാര്യം പുനരാലോചിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

മരച്ചീനി പദ്ധതി.

* 257. [9] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിപദ്ധതിയനുസരിച്ചു ഓരോ താലൂക്കിലുംനിന്ന് വാങ്ങേണ്ട കേപാട്ടാ നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണ്; മരച്ചീനി കൃഷി ഏറ്റവും കൂടുതൽ സ്ഥലത്തു നടത്തുന്ന താലൂക്കിനു ഏറ്റവും കൂടുതൽ കേപാട്ടാ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) താലൂക്കടിസ്ഥാനത്തിൽ മരച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും അനുവദിച്ച കേപാട്ടായും എന്തെന്നു പറയുമോ ;

(സി) മൊത്തമായി സ്റ്റോറിൽനിന്നും വാങ്ങാനുദ്ദേശിക്കുന്നത് എത്ര ടൺ വാട്ടകപ്പയും ഉണക്ക കപ്പയുമാണ്; അതു് സർപ്ലസ്സിന്റെ എത്ര ശതമാനമാണെന്നു പറയുമോ ;

(ഡി) കൂടുതൽ ഉണക്കകപ്പ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; മൊത്തമായി വാങ്ങുന്ന കപ്പയുടെ അളവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തര വ്യവസായമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) മരച്ചീനി ഏറ്റവും കൂടുതൽ കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കൂടുതൽ കേപാട്ടായും, ഏറ്റവും കുറവു കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കുറവു കേപാട്ടായും എന്ന കണക്കിനാണു് ഓരോ താലൂക്കിനും ഗവണ്മെൻറ് പദ്ധതിയനുസരിച്ചു് കേപാട്ടാ നിശ്ചയിച്ചതു്. മരച്ചീനി ഏറ്റവും കൂടുതൽ സ്ഥലത്തു കൃഷിചെയ്യുന്ന താലൂക്കിനു് ഏറ്റവും കൂടുതൽ കേപാട്ടാ അനുവദിച്ചിട്ടുണ്ടു്.

(ബി) ഈ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് †മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) 17,360 ടൺ വാട്ടകപ്പയും, 2,640 ടൺ ഉണക്കകപ്പയും. ഇതു് സർപ്ലസ്സിന്റെ 10 ശതമാനമാണു്.

(ഡി) ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നമ്മുടെ രാജ്യത്തു് വാട്ടകപ്പയെക്കാൾ കൂടുതൽ ഉണക്കകപ്പയാണു് ഉള്ളതെന്നതുകൊണ്ടു് ഉണക്കകപ്പ കൂടുതൽ വാങ്ങുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറിന്റെ അറിവു് അങ്ങനെയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർപ്ലസ്സിന്റെ പത്തു ശതമാനം വാങ്ങിയതുകൊണ്ടു് മരച്ചീനികൃഷിക്കാരുടെ ബുദ്ധിമുട്ടു് പരിഹരിക്കയില്ലെന്നറിയാമോ ?

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly